# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

2007 ഏപ്രിൽ 14 ശനി

## പ. ബാവാ ദേവലോകത്ത് മടങ്ങിയെത്തി

ദേവലോകം: കോലഞ്ചേരി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന പ. ദിദിമോസ് കാതോലിക്കാബാവാ ദേവലോകത്ത് മടങ്ങിയെത്തി. അദ്ദേഹത്തിന് ഉടൻ തന്നെ ഫിസിയോതെറാപ്പി ചികിത്സ ആരംഭിക്കുമെന്ന് അറിയുന്നു. വിദഗ്ദ്ധ ആയുർവേദ ചികിത്സ ലഭിക്കുമോ എന്ന കാര്യവും പരിഗണിക്കുന്നുണ്ട്. പ. പിതാവിന്റെ ആരോഗ്യനില അതിവേഗം സാധാരണ നിലയിലെത്തിക്കൊണ്ടിരിക്കുകയാണെന്ന് പ. ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസ് 'അൽമായവേദി'യോട് പറഞ്ഞു. മാർച്ച് 23 നാണ് നേരിയ പക്ഷാഘാതത്തെ തുടർന്ന് ബാവാ തിരുമേനിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വിദഗ്ദ്ധ ഡോക്ടർമാരുടെ പരിചരണത്തിൽ അദ്ദേഹം അതിവേഗം സുഖം പ്രാപിച്ചു വരുന്നതായാണ് അറിയുന്നത്.

സഭാംഗങ്ങൾ എല്ലാവരും ബാവാ തിരുമേനിയുടെ രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കണമെന്ന് ഓർത്തഡോക്സ് അൽമായവേദി അഭ്യർത്ഥിച്ചു.



**വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനു നൽകിയ സ്വീകരണയോഗത്തിൽ അച്ചൻ മറുപടി പ്രസംഗം നടത്തുന്നു.**

## വൈദികട്രസ്റ്റിയെ അർക്കദിയാക്കോനാക്കണം: അൽമായവേദി

കോട്ടയം: മലങ്കരസഭയുടെ തെരഞ്ഞെടുക്കപ്പെട്ട വൈദികട്രസ്റ്റിയ്ക്ക് അർക്കദിയാക്കോനായി സ്ഥാന നാമം നൽകണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി മലങ്കര മെത്രാപ്പോലീത്തായോട് അഭ്യർത്ഥിച്ചു. പുതിയ വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനു നൽകിയ സ്വീകരണയോഗമാണ് ഈ നിർദ്ദേശം മുമ്പോട്ടു വച്ചത്.

പ്രസിഡന്റ് കെ. വി. ഏബ്രഹാം കൊടുവത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. ഡോ. എം. പി. ചാക്കോ മുഖ്യപ്രഭാഷണം നടത്തി. പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, തോമസ് ചാണ്ടി, എം. കുര്യൻ തോമസ്, എം. എം. ഉമ്മൻ, ജോയ്സ് തോട്ടയ്ക്കാട്, ജോർജ് മാത്യു എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് മറുപടി പ്രസംഗം നടത്തി. ശരിയെയും തെറ്റിനെയും തിരിച്ചറിഞ്ഞ്, സ്വന്ത ലാഭത്തെയും മഹിമയെയും ഉപേക്ഷിച്ച് സഭയ്ക്കു വേണ്ടി പ്രവർത്തിക്കുവാൻ അൽമായവേദി പ്രവർത്തകരോട് അദ്ദേഹം ആഹ്വാനം ചെയ്തു. വൈദികട്രസ്റ്റി സ്ഥാനത്തേക്ക് വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെടുവാൻ അൽമായവേദി നൽകിയ ധാർമ്മിക പിന്തുണയ്ക്കും എല്ലാവിധ സഹായ സഹ കരണങ്ങൾക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി. കത്തിപ്പാറത്തടം പള്ളി വികാരി ഫാ. കെ. കെ. വറുഗീസിനോട് യോഗം ഐക്യദാർഢ്യം പ്രഖ്യാപിച്ചു.





**അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു**





**ജോയ്സ് തോട്ടയ്ക്കാട് വൈദിക ട്രസ്റ്റിയെ ഹാരാർപ്പണം ചെയ്യുന്നു**



സെക്രട്ടറി ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ സ്വാഗതമാശംസിക്കുന്നു. ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, ഡോ. എം. പി. ചാക്കോ, **അൽമായവേദി പ്രസിഡണ്ട്** കെ. വി. ഏബ്രഹാം കൊടുവത്ത് എന്നിവർ സമീപം.



## വൈദിക ട്രസ്റ്റിക്കു നൽകിയ സ്വീകരണസമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ

**ഓർത്തഡോക്സ് വൈദിക സെമിനാരി മുൻ പ്രൊഫസർ ഡോ. എം. പി. ചാക്കോ മുഖ്യപ്രഭാഷണം നടത്തുന്നു.**